**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5846** **08-07-2024 - ൽ മറുപടിയ്ക്ക്**

**പന്തളം മുനിസിപ്പാലിറ്റിയിൽ അദാലത്ത് നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പന്തളം മുനിസിപ്പാലിറ്റിയിൽ യഥാസമയം കെട്ടിട നികുതി പിരിക്കാതെ ഇപ്പോൾ ഒരുമിച്ച് തുക ഈടാക്കാനുള്ള ശ്രമം ജനങ്ങളിൽ ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പന്തളം നഗരസഭ ആകുന്നതിന് മുമ്പ് 2013-ൽ നടക്കേണ്ടിയിരുന്നതും, നഗരസഭ ആയിരിക്കെ 2016-ൽ നടക്കേണ്ടിയിരുന്നതുമായ വസ്തുനികുതി പരിഷ്കരണം 2024 ജനുവരി 1 മുതൽ കെ-സ്മാർട്ടിനോടൊപ്പമാണ് പ്രാവർത്തികമായത്. കെട്ടിടനിർമ്മാണ പെർമിറ്റ്, ഒക്യുപൻസി നമ്പർ നൽകൽ എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ, നഗരസഭകളിൽ ഓപ്പറേഷൻ ട്രൂ ഹൗസ് എന്ന പേരിൽ 2022-ൽ നടത്തിയ മിന്നൽ പരിശോധനയിൽ പന്തളം നഗരസഭയും ഉൾപ്പെട്ടിരുന്നു. ഈ പരിശോധനയിൽ നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ഓൺലൈനിൽ അപ് ലോഡ് ചെയ്യപ്പെട്ടിരുന്നില്ലായെന്നും തൻമൂലം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേതു പോലെ ഓൺലൈൻ സേവനങ്ങൾ നഗരസഭ നിവാസികൾക്ക് ലഭിക്കുന്നില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്.<br><br>2016-17 മുതൽ നടക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നഗരസഭാ പരിധിയിലെ 33 വാർഡുകളിലെയും കെട്ടിടങ്ങൾക്ക് നമ്പർ നൽകുകയുണ്ടായി. നമ്പർ നൽകിയ വേളയിൽ കെട്ടിട അസസ്മെന്റ് രജിസ്റ്ററുമായി ഒത്ത് നോക്കിയതിൽ ഘടനാപരമായി മാറ്റമുണ്ടെന്ന് കണ്ടെത്തിയ ചില കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ നൽകുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച് ധാരാളം പരാതികൾ നഗരസഭയിൽ ലഭിച്ചതിനെതുടർന്ന് 2023 സെപ്റ്റംബർ മാസത്തിൽ നഗരസഭയിലെ 33 വാർഡുകളിലും കെട്ടിട അദാലത്ത് സംഘടിപ്പിക്കുകയും പരാതികൾക്ക് |

| | | | |
|---|---|---|---|
| | | | നിയമാനുസരണം പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അദാലത്തിൽ പങ്കെടുക്കാൻ കഴിയാത്തവരിൽ നിന്ന് നഗരസഭയിൽ അപേക്ഷ വാങ്ങി ആയവർക്ക് നിയമപരമായി പരിഹാരങ്ങൾ കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് പന്തളം മുനിസിപ്പാലിറ്റിയിൽ ഒരു അദാലത്ത് നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെട്ടിട ഉടമകളുടെ ആശങ്കകൾ പരിഹരിക്കുന്നതിന്, നഗരസഭാ കൗൺസിൽ തീരുമാനത്തിന് വിധേയമായി 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വാർഡ്തല അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള കെട്ടിട നികുതി യഥാസമയം പിരിച്ചെടുക്കാത്ത മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധം കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ഊർജിത നികുതി പിരിവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വസ്തു നികുതിയുടെ പിഴ പലിശ 2024 മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിരുന്നു. കൂടാതെ, ക്യാമ്പ് കളക്ഷൻ, നികുതി അടക്കുവാനുള്ള ഓൺലൈൻ സംവിധാനം എന്നിവയ്ക്ക് പുറമേ നേരിട്ട് ഫീൽഡ് പിരിവ് അടക്കമുള്ള മാർഗ്ഗങ്ങൾ അവലംബിച്ച് കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ